## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8165** **17.07.2014 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**ശ്രീമതി. ഇ. എസ്. ബിജിമോൾ**<br>**ശ്രീ. വി. ശശി**<br>**ശ്രീ. ചിറ്റയം ഗോപകുമാർ** | **ശ്രീ. പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിട്ടുളളത് ആർക്കാണെന്ന് അറിയിക്കുമോ; | (എ) മുല്ലപ്പെരിയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കങ്ങളൊന്നും നിലവിലില്ല. എന്നാൽ പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാർ കേന്ദ്രജലകമ്മീഷനെ സമീപിച്ചിട്ടുണ്ട്. തമിഴ്നാടിന്റെ പ്രസ്തുത ആവശ്യം നിയമാനുസരണം അനുവദനീയമല്ലായെന്ന് IDRB ചീഫ് എഞ്ചിനീയറും സംസ്ഥാന സർക്കാരും കേന്ദ്രജലകമ്മീഷനെ അറിയിച്ചിട്ടുണ്ട്. NRLD (National Register of Large Dams) രജിസ്റ്ററിലെ നിലവിലെ സ്ഥിതി പ്രകാരം പ്രസ്തുത ഡാമുകൾ കേരളത്തിന്റെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുളളത്. |

| | | |
|---|---|---|
| (ബി) പ്രസ്തുത ഡാമുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; ഇതിനായുള്ള ചെലവുകൾക്ക് എന്തെങ്കിലും അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഡാമുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും തമിഴ്നാട് സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ നിർമ്മാണ - പരിപാലന ചെലവുകളുടെ നേർപകുതിയെ തമിഴ്നാടിനും കേരളത്തിനുമായി യഥാക്രമം 61:5 എന്ന അനുപാതത്തിൽ വിഭജിച്ചിട്ടുണ്ട്. |
| (സി) ഇതു സംബന്ധമായി അയൽ സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള ബാധ്യതകൾ കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ നിർമ്മാണ - പരിപാലന ചെലവുകളുടെ നേർപകുതിയെ തമിഴ്നാടിനും കേരളത്തിനുമായി യഥാക്രമം 61:5 എന്ന അളവിൽ വിഭജിച്ചാൽ വരുന്ന തുക തമിഴ്നാടിന് നൽകാനുണ്ട്. എന്നാൽ ഈ കണക്കുകൾ പരിശോധിച്ച് അംഗീകരിച്ചതായുള്ള തമിഴ്നാട് അക്കൗണ്ടൻറ് ജനറലിൻെറ ആഡിറ്റ് സർട്ടിഫിക്കറ്റിൻെറ ശരിപ്പകർപ്പ് കേരളം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും തമിഴ്നാട് ഇതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാദ്ധ്യതകൾ കൊടുത്തുതീർക്കാൻ കേരളത്തിനായിട്ടില്ല. എന്നാലും സംസ്ഥാന താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കേരള അക്കൗണ്ടൻറ് ജനറലിൻെറ ഉപദേശത്തിൻെറ അടിസ്ഥാനത്തിൽ ഇതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

(ഒപ്പ്) Dhivakaran

സെക്ഷൻ ഓഫീസർ